**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ചികിത്സാ സൗകര്യങ്ങളുടെ കുറവും പോഷകാഹാരക്കുറവും മൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഉയർന്ന മാതൃ-ശിശു മരണനിരക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചികിത്സാ സൗകര്യങ്ങളുടെ കുറവും, പോഷകാഹാര കുറവും മൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഉയർന്ന മാതൃ ശിശു മരണ നിരക്ക് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ സുരക്ഷയ്ക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. 30.03.2017-ലെ സ.ഉ.(സാധാ) നം. 949/2017/പജ.പവ.വിവ. പ്രകാരം ടി തുക 2,500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 - എണ്ണം) കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് (2 -എണ്ണം) എന്നീ ജില്ലകളിൽ ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലയിൽ വെള്ളക്കയം കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി. ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്കു വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ 4 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxiliary Nurse & Mid-wifery Centre) |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രസവവും പ്രസവ ശുശ്രൂഷകളും പൂർണ്ണമായും ആശുപത്രിയിൽ നടത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രസവവും, പ്രസവ ശുശ്രൂഷകളും ആശുപത്രികളിൽ നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആശാവർക്കർമാർ, അങ്കണവാടി പ്രവർത്തകർ അതാത് ഇടങ്ങളിലെ ചുമതലയുള്ള ജെ.പി.എച്ച്.എൻ.മാർ, ഊര് മിത്രം എന്നിവരുടെ സേവനം ഉറപ്പ് വരുത്തുന്നുണ്ട്. ബോധവത്ക്കരണം. കൃത്യമായ നിരീക്ഷണം മുതലായ നടപടികളിലൂടെ കൃത്യ സമയത്ത് ചികിത്സ ലഭ്യമാക്കുന്നുണ്ട്. അടിയന്തിര സന്ദർഭങ്ങളിൽ ആവശ്യമായ വാഹന സൗകര്യം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം മുതലായവ ലഭ്യമാക്കുന്നു. |
| (ഡി) | വനാന്തര ഭാഗത്ത് താമസിക്കുന്ന ഗോത്രവർഗ്ഗ | (ഡി) | വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ ശുശ്രൂഷയ്ക്കായി പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | സ്ത്രീകളുടെ ശുശ്രൂഷയ്ക്കായി നിലവിൽ ഹെൽത്ത്/ ഫീൽഡ് പ്രൊമോട്ടർമാർ, ആശാപ്രവർത്തകർ സമീപത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ വനിതാ ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, വനംവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഗോത്രഭാഷ അറിയുന്ന, പാരാമെഡിക്കൽ കോഴ്സുകൾ പ്രത്യേകിച്ച് ജനറൽ നേഴ്സിംഗ് & മിഡ് വൈഫറി പഠിച്ചവരെ ഹോണറേറിയം വ്യവസ്ഥയിൽ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ, ആരോഗ്യ സ്ഥാപനങ്ങളിലോ നിയമിച്ചുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായിട്ടുള്ള പദ്ധതിക്ക് (ഗോത്ര വർഗ്ഗ പാരാമെഡിക്സ്) ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ